# 'ചങ്ങലകളിൽ അപമാനിതരായി...'

'ചോരകൊണ്ടെഴുതിയ കവിത' ഇവിടെ ആലങ്കാരിക പ്രയോഗമല്ല. കവിത എഴുതുന്നത് കവികളേ അല്ലാത്തവർ. മനുഷ്യചരിത്രത്തിലെ ഏറ്റവും ബീഭത്സമായ ആ തടവറയിൽനിന്ന് ഒരിറ്റ് ജീവൻ മാത്രം ശേഷിക്കുന്ന ആ മനുഷ്യർ കവിതയിലൂടെയല്ലാതെ അവരുടെ ആത്മനൊമ്പരങ്ങൾ നിങ്ങളോട് എങ്ങനെ പറയും? ചുരുട്ടിയെറിഞ്ഞ പാഴ്ക്കടലാസുകളിലും ചായക്കോപ്പകളിലും ആ തടവുകാർ കല്ലുകൾ കൊണ്ട് കോറിയിട്ട കവിതകൾ ഇതാ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. കവിതാ സമാഹാരത്തിന്റെ പേര്- ഗ്വാണ്ടനാമോയിൽനിന്നുള്ള കവിതകൾ: തടവുകാർ സംസാരിക്കുന്നു (Poems from Guantanamo: The Detainees speak). പുസ്തകം അടുത്ത ആഗസ്റ്റിൽ പുറത്തിറങ്ങുമെന്ന് അതിന്റെ എഡിറ്ററും നിരവധി ഗ്വാണ്ടനാമോ തടവുകാരുടെ നിയമോപദേഷ്ടാവുമായ മാർക് ഫാൾകോഫ് പറഞ്ഞു.

പതിനേഴ് ഗ്വാണ്ടനാമോ തടവുകാരുടെ 22 കവിതകളാണ് ഇതിൽ സമാഹരിച്ചിരിക്കുന്നത്. തടവുകാരുമായി സമ്പർക്കം പുലർത്തുന്നതുകൊണ്ട് അവരുടെ ചില എഴുത്തുകുത്തുകൾ ഫാൾകോഫിന് ലഭിക്കാറുണ്ട്. അക്കൂട്ടത്തിലാണ് പാഴ്ക്കടലാസുകളിൽ അറബിയിൽ ചില കാവ്യശകലങ്ങൾ കോറിയിട്ടത് ശ്രദ്ധയിൽ പെട്ടത്. ഗ്വാണ്ടനാമോ തടവുകാരുടെ മറ്റു നിയമോപദേഷ്ടാക്കളുമായി ബന്ധപ്പെട്ടപ്പോൾ അവർക്കും ലഭിച്ചിട്ടുണ്ട് ഇത്തരം കവിതകൾ. അവ എഴുതപ്പെട്ട അറബിയിൽ പ്രസിദ്ധീകരിക്കാനായിരുന്നു തീരുമാനം. പക്ഷേ അമേരിക്കൻ സൈനികവിഭാഗം സമ്മതിച്ചില്ല. കർശനമായി സെൻസർ ചെയ്തശേഷം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചോളാൻ പറഞ്ഞു. 'പ്രകോപനപരമായ' ചില കവിതകൾ അവർ കണ്ടുകെട്ടുകയും ചെയ്തു.

ബഹ്റൈൻകാരനായ ജുമുഅ ദോസരിയെ 2003-ലാണ് ഗ്വാണ്ടനാമോ തടവറയിൽ കൊണ്ടുവരുന്നത്. ശാരീരികവും മാനസികവുമായ പീഡനം സഹിക്കവയ്യാതെ പന്ത്രണ്ട് തവണ അദ്ദേഹം ആത്മഹത്യക്ക് ശ്രമിച്ചു. അദ്ദേഹം കോറിയിട്ട വരികളിൽ രക്തം കിനിയുന്നു:

*എടുക്കൂ എന്റെ ചോര/ എടുക്കൂ എന്റെ കഫൻ പുടവ/*
*എന്റെ ശരീരത്തിൽ ബാക്കി വല്ലതുമുണ്ടെങ്കിൽ അതും/*
*ശവക്കുഴിയിൽ ഒറ്റക്ക് കിടത്തിയ എന്റെ മയ്യിത്തിന്റെ ഒരു ഫോട്ടോയും/*
*അവ ലോകത്തിന് അയച്ചുകൊടുക്കുക/*
*ജഡ്ജിമാർക്കും മനസ്സാക്ഷിയുള്ളവർക്കും അയച്ചുകൊടുക്കുക*

അൽജസീറയുടെ ഫോട്ടോഗ്രാഫറായിരുന്ന സാമി അൽഹാജിനെ ഈ കോളത്തിൽ നേരത്തേ പരിചയപ്പെടുത്തിയിട്ടുണ്ട്. യുദ്ധം റിപ്പോർട്ട് ചെയ്യാനായി അഫ്ഗാനിലേക്ക് പോയ സാമിയെ പാക് പോലീസ് പിടികൂടി അമേരിക്കൻ സൈന്യത്തെ ഏൽപിക്കുകയായിരുന്നു. ഒടുവിൽ എത്തിച്ചേർന്നത് ഗ്വാണ്ടനാമോ തടവറയിൽ. തന്റെ മകനെ അഭിസംബോധന ചെയ്തുകൊണ്ട്:

*മുഹമ്മദ്, എന്തൊരു ദുരിതക്കയത്തിലാണ് ഞാൻ/ കൊടും നിരാശയിൽ എനിക്ക് അല്ലാഹുവല്ലാതെ മറ്റാരുണ്ട് സമാശ്വാസമായി/ പീഡകർ എന്നെ വെച്ച് കളിക്കുകയാണ്/ മുഹമ്മദ്, എന്നെ മറക്കരുത്.*

കവിതാമൂല്യമില്ലെങ്കിലും ഈ കവിതകളുടെ ചരിത്രപ്രസക്തി കാലം അടയാളപ്പെടുത്താതിരിക്കില്ല. ■

# ഡോളർ മരിക്കുന്നു?

അമേരിക്കൻ ഡോളറിനു പകരം യൂറോയിൽ എണ്ണ വിൽപന നടത്തുമെന്ന് സദ്ദാം ഹുസൈൻ ഭീഷണിപ്പെടുത്തിയതാണ് അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിന്റെ ഒരു പ്രകോപനം എന്ന് പറയാറുണ്ട്. ഇന്ന് ചിത്രം മാറി. കറൻസികളുടെ നായകപദവിയിൽനിന്ന് ഡോളർ സ്വയം നിഷ്ക്രമിക്കുകയാണ്. 2002-ലാണ് ഡോളറിന്റെ മൂല്യം ഏറ്റവുമധികം വർധിച്ചത്. പിന്നെയങ്ങോട്ട് മൂല്യത്തകർച്ചയായിരുന്നു. ഡോളറിന്റെ മൂല്യം ഇതിനകം 20 ശതമാനം കുറഞ്ഞു. ഇതിൽ മൂന്ന് ശതമാനം കുറഞ്ഞത് കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിലാണ്. പ്രതിയോഗികളില്ലാത്ത വിധം യൂറോ നായകപദവി കൈയടക്കിക്കഴിഞ്ഞു. ഇന്ത്യൻ രൂപയും കനേഡിയൻ ഡോളറുമെല്ലാം മികച്ച പ്രകടനമാണ് അമേരിക്കൻ ഡോളറിനെതിരെ കാഴ്ചവെക്കുന്നത്. യൂറോപ്പിൽ, പ്രത്യേകിച്ച് ജർമനിയിൽ അടുത്തകാലത്തുണ്ടായ സാമ്പത്തികമായ ഉണർവും ചൈന, റഷ്യ, ഇന്ത്യ തുടങ്ങിയ പുതിയ സാമ്പത്തികശക്തികളുടെ രംഗപ്രവേശവുമാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഡോളറിന്റെ മൂല്യത്തകർച്ച ലോക സാമ്പത്തികരംഗത്ത് വൻ അഴിച്ചുപണികൾക്ക് തുടക്കം കുറിച്ചേക്കും. പല വികസ്വര രാജ്യങ്ങളും അവരുടെ തദ്ദേശീയ കറൻസിയെ ഡോളറുമായി 'കൂട്ടിക്കെട്ടി'യിരിക്കുകയാണ്. ഡോളറിന്റെ മൂല്യം കൂടുമ്പോൾ അവയുടേത് കൂടും; കുറയുമ്പോൾ അവയുടേതും കുറയും. ഇതു കാരണം അമേരിക്കയുടെ രാഷ്ട്രീയ മേധാവിത്വം മാത്രമല്ല സാമ്പത്തിക മേധാവിത്വവും അവർക്ക് അംഗീകരിക്കേണ്ടിവന്നു. അമേരിക്കയുടെ സാമ്പത്തിക നയങ്ങൾ മാറുമ്പോൾ ഈ നാടുകളുടെ സാമ്പത്തികരംഗവും അടിമുടി മാറുമെന്ന നിലയായി. ഇതായിരുന്നു ഏറക്കുറെ എല്ലാ അറേബ്യൻ ഗൾഫ് കറൻസികളുടെയും സ്ഥിതി. പുതിയ സാഹചര്യത്തിൽ കൂട്ടിക്കെട്ടലിന്റെ അപകടം തിരിച്ചറിഞ്ഞ് അത് അഴിച്ചുമാറ്റാനുള്ള (de-pegging)ശ്രമത്തിലാണ് അത്തരം രാഷ്ട്രങ്ങൾ. കുവൈത്ത്, ചൈന, റഷ്യ, മലേഷ്യ തുടങ്ങിയ രാഷ്ട്രങ്ങൾ അവരുടെ കറൻസികളുടെ ഡോളർ ബന്ധം എടുത്തുമാറ്റിക്കഴിഞ്ഞു. ഇറാനും ഇറാഖും ലിബിയയും വെനിസ്വലയും റഷ്യയും യൂറോയിൽ എണ്ണ വിൽക്കാൻ ആലോചിക്കുന്നു. ദുബൈയും ബഹ്റൈനും സുഊദി അറേബ്യയും അവരുടെ ഡോളർകരുതൽ ശേഖരങ്ങൾ (reserves) പുതിയ പ്രോജക്ടുകളിൽ മുടക്കാനായി പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. ഈയിടെ ചൈനീസ് ഗവൺമെന്റ് അവരുടെ ഡോളർ കരുതൽ ശേഖരത്തിൽനിന്ന് മൂന്ന് ബില്യൻ ഡോളർ എടുത്താണ് അമേരിക്കയിലെ തന്നെ 'ബ്ലാക് സ്റ്റോൺ' കമ്പനിയിൽ ഷെയർ വാങ്ങിക്കൂട്ടിയത്.

ഡോളറിന്റെ വിലയിടിയുന്നത് കടബാധ്യതയിൽപെട്ടുഴലുന്ന അമേരിക്കൻ സമ്പദ്ഘടനക്ക് ഭാവിയിൽ കരകയറാനുള്ള

വഴിയൊരുക്കും എന്ന് ചിന്തിക്കുന്നവരുമുണ്ട്. തദ്ദേശീയ കറൻസികളെ ഡോളറുമായി കൂട്ടിക്കെട്ടുന്നത് തുടർന്നാൽ, ഡോളർ തകരുന്നതോടെ ആ കറൻസികളും തകരുമെന്ന നില വരും. ഇത് മുൻകൂട്ടിക്കണ്ട് അത്തരം രാജ്യങ്ങൾ ആ കെണിയിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിലാണ്. ഡോളറിന്റെ ആധിപത്യം ഇല്ലാതാവുന്നതോടെ ഓരോ സമ്പദ്ഘടനക്കും സ്വതന്ത്രമായി വളരാനുള്ള അവസരമുണ്ടാവും. ചൈനീസ് നിർമിതി, അറബ് മുതൽമുടക്ക്, പുതിയ ഇന്ത്യൻ മധ്യവർഗം- ഇതാണിപ്പോൾ സാമ്പത്തിക വികസനത്തിന്റെ പുതിയ സമവാക്യം. ഇതു സംബന്ധമായ വിശകലനം *ന്യൂസ് വീക്കി*ന്റെ പുതിയ ലക്കത്തിൽ (2007, ജൂൺ 18). ■

## 'ദൈവത്തിന്റെ പടയാളികൾ' വിപണി കൈയടക്കുന്നു

മതവിശ്വാസത്തെയും ചിഹ്നങ്ങളെയും വാണിജ്യവത്കരിക്കുന്നത് സർവസാധാരണമായിക്കഴിഞ്ഞു. കുറേകൂടി അപകടകരമായ തരത്തിലാണ് അമേരിക്കയിലെ ഓറിയന്റൽ ട്രേഡിംഗ് കമ്പനിയുടെ കളി. അവരാദ്യം ഉൽപന്നങ്ങളെ 'സൈനികവത്കരി'ക്കുന്നു. എന്നിട്ട് ക്രൈസ്തവ മുദ്രകൾ ചാർത്തുന്നു. മുപ്പത്തിയൊന്ന് തരം ഉൽപന്നങ്ങൾ കമ്പനി വിപണിയിൽ ഇറക്കിയിട്ടുണ്ട്. മിക്കതും കുട്ടികൾക്ക് വേണ്ടിയുള്ളതാണ്. പാരിതോഷിക പൊതികൾ, കളിപ്പാവകൾ, ചായക്കൂട്ടുകൾ, സ്കൂൾ പഠനോപകരണങ്ങൾ തുടങ്ങിയവ. അമേരിക്കൻ മിലിട്ടറിയുടെ യൂനിഫോം വർണങ്ങളിലാണ് ഇവ മിക്കതും ഡിസൈൻ ചെയ്യുന്നത്. 'ദൈവത്തിന്റെ പടയാളി' (Soldier of God) എന്നൊരു മുദ്രയും ഉൽപന്നങ്ങളുടെ പുറത്ത് പതിച്ചിരിക്കും. ചിലതിൽ കുരിശിന്റെയും മധ്യകാല നൂറ്റാണ്ടിലെ കുരിശുപടയാളികളുടെ പോർച്ചട്ടകളുടെയും രൂപങ്ങളാണ് പതിച്ചിട്ടുണ്ടാവുക.

സന്ദേശം വ്യക്തമാണ്. കൗമാരക്കാരോട് രണോത്സുകരാവൂ എന്നാണ് കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നത്. കുരിശുയുദ്ധക്കാലത്തെ പോർച്ചട്ടകൾ ശത്രു ആരാണെന്ന് കൃത്യമായി അടയാളപ്പെടുത്തിത്തരും.

അമേരിക്കയിൽ ഏറ്റവുമധികം ലാഭം കൊയ്യുന്ന കമ്പനികളിലൊന്നാണ് ഓറിയന്റൽ ട്രേഡിംഗ്. 18 മില്യൻ ഉപഭോക്താക്കളുണ്ട് അവർക്ക്. "പട്ടാളക്കാരൻ പല ക്രൂരതകളും ചെയ്തെന്നിരിക്കും. അങ്ങനെയൊരാളെ ദൈവവുമായി ചേർത്തിപ്പറയുന്നത് നീതീകരിക്കാനാവില്ല" മിനസോട്ടയിലെ സാമൂഹിക പ്രവർത്തകയായ വലേറി ഷർലി പറഞ്ഞു. ഇത്തരം ഡിസൈനുകൾ യുദ്ധത്തിന് കുട്ടികളുടെ മനസ്സിൽ സ്വീകാര്യതയുണ്ടാക്കുമെന്നും അത് ദൈവാംഗീകാരമുള്ള പ്രവൃത്തിയായി അവർ കാണുമെന്നുമാണ് ഒരു ശിശു മനശ്ശാസ്ത്രജ്ഞന്റെ അഭിപ്രായം. പുതിയ കുരിശുയുദ്ധം നടക്കുന്നത് ഇറാഖിലാണെന്ന് ധ്വനിപ്പിക്കുന്ന ഇത്തരം ഉൽപന്നങ്ങൾ പിൻവലിക്കണമെന്ന് ചില കേന്ദ്രങ്ങളിൽനിന്ന് ആവശ്യമുയരുന്നുണ്ടെങ്കിലും കമ്പനി ചെവിക്കൊള്ളുന്നില്ല. ഒരു മുസ്‌ലിം സാധാരണക്കാരന്റെ കമന്റ് ഇവിടെ ശ്രദ്ധേയമാണ്: പാവകളെ 'ജിഹാദി സൈനികവസ്ത്രം' ആണ് ഉടുപ്പിച്ചിരുന്നതെങ്കിൽ എന്താകുമായിരുന്നു പുകില്! ■

## വാർപ്പുമാതൃകകളെ പൊളിക്കുന്ന 'കൊച്ചു പള്ളി'

ഒരു മഹല്ലിലെ കൊച്ചു കൊച്ചു സംഭവങ്ങൾ കോർത്തുവെച്ച്, ഒരു സമൂഹത്തിന്റെ ചുറ്റിലും ഉയർത്തപ്പെട്ട വാർപ്പുമാതൃകകളെ പൊളിച്ചെഴുതാനുള്ള ശ്രമമാണ് Little Mosque. കനഡയിൽ രണ്ട് മില്യൻ പ്രേക്ഷകരുള്ള ഹിറ്റ് ടെലിവിഷൻ പരമ്പര(sitcom)യാണിത്. ടി.വി അവതാരകയും എഴുത്തുകാരിയും സിനിമാ സംവിധായകവുമായ സർഖാ നവാസാണ് ഇതിന്റെ അണിയറശിൽപി.

"മുസ്‌ലിംകളെക്കുറിച്ച് അമേരിക്കൻ മനസ്സിൽ ഉറച്ചുപോയ ധാരണകളെ ചോദ്യം ചെയ്യുന്നതാണ് ഈ പരമ്പര"-ഇതിന്റെ സ്ഥിരം പ്രേക്ഷകരിലൊരാളായ ലിക്കോവിച്ച് പറഞ്ഞു. "മുസ്‌ലിംകളും മറ്റുള്ളവരെപ്പോലെ സാധാരണ ജീവിതം നയിക്കുന്ന മനുഷ്യരാണെന്ന് അത് നിങ്ങളെ ബോധ്യപ്പെടുത്തുന്നു."

ഒരു ചെറിയ പള്ളിയും അതിന്റെ ചുറ്റുവട്ടത്ത് ജീവിക്കുന്ന എണ്ണത്തിൽ കുറവായ മുസ്‌ലിം സമൂഹവും അവരുടെ പ്രശ്നങ്ങളുമാണ് ഇതിവൃത്തം. അമേരിക്കയിലെയും കനഡയിലെയും ഇത്തരം മുസ്‌ലിം സമൂഹങ്ങളെ അടുത്തറിയാൻ സർഖാ നവാസിന് അവസരമുണ്ടായിട്ടുണ്ട്. അതിനൊരു കഥാഘടനയും ദൃശ്യാവിഷ്കാരവും നൽകുകയാണ് അവർ ചെയ്തത്. നർമത്തിൽ ചാലിച്ചാണ് ഇതിന്റെ അവതരണം. പാശ്ചാത്യ സമൂഹത്തിൽ മുസ്‌ലിം സമൂഹം അനുഭവിക്കുന്ന സംഘർഷം ധ്വനിപ്പിക്കാനും സർഖാക്ക് കഴിഞ്ഞിട്ടുണ്ട്. അമ്മാർ ഇതിലെ ഒരു കഥാപാത്രമാണ്. അയാൾ വിമാനം കയറാനായി പോകുമ്പോൾ സുരക്ഷാ ഉദ്യോഗസ്ഥർ തടയുന്നു. ഇയാൾ തീവ്രവാദിയല്ലേ എന്ന് അവർക്ക് കലശലായ സംശയം. അപ്പോൾ അമ്മാറിന്റെ ചോദ്യം: "മുസ്‌ലിമായിരിക്കെ വിമാനയാത്രക്കൊരുങ്ങി എന്നതാണോ എന്റെ പേരിൽ ചാർജ് ചെയ്ത കുറ്റം?" മാസപ്പിറവി തർക്കങ്ങൾ നർമത്തിന്റെ അകമ്പടിയോടെ അവതരിപ്പിക്കുന്നു.

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും യഥാതഥം ചിത്രീകരിച്ചതിന് ന്യൂയോർക്കിലെ മുസ്‌ലിം പബ്ലിക് അഫയേഴ്സ് കൗൺസിൽ (MPAC) സർഖാ നവാസിനെ ആദരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ■